# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3073 — 28/01/14-ൽ മറുപടിക്ക്

## നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. കെ. കെ. ലതിക :** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ക്രിസ്തുമസ്, പുതുവൽസരക്കാലത്ത് വിപണിയിൽ ഇടപെടുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും സിവിൽ സപ്ലൈസ് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) ക്രിസ്തുമസ്, പുതുവൽസരക്കാലത്ത് സപ്ലൈകോ പൊതുവിപണിയിൽ വളരെ സജീവമായി ഇടപെടുകയുണ്ടായി. ഈ വർഷം ക്രിസ്തുമസ്-പുതുവത്സര ഫെയറുകൾ കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ ഇടങ്ങളിലും കൂടുതൽ കാലയളവിലും വളരെ നേരത്തെയും ആരംഭിച്ചിരുന്നു. ഈ വർഷം 6-മെട്രോ ഫെയറുകൾ, 8 ജില്ലാതല ഫെയറുകൾ 3 സ്പെഷ്യൽ ഫെയറുകൾ എന്നിവയ്ക്ക് പുറമെ 389 ക്രിസ്തുമസ് മാർക്കറ്റുകൾ ഉൾപ്പെടെ 406 ക്രിസ്തുമസ് ചന്തകൾ നടത്തിയിട്ടുണ്ട്. ഈ ഫെയറുകളിൽ കൂടി അവശ്യ വസ്തുക്കൾ ന്യായ വിലയ്ക്ക് ലഭ്യമാക്കുന്നതിനു പുറമെ ആഘോഷക്കാലത്ത് ഏറ്റവും ആവശ്യമായ കേക്ക്, മെഴുകുതിരി, നക്ഷത്രങ്ങൾ ആശംസാ കാർഡുകൾ, അലങ്കാര വസ്തുക്കൾ മുതലായവ ന്യായ വിലയ്ക്ക് ലഭ്യമാക്കി. ഇങ്ങനെ വിപണിയിൽ സജീവമായി ഇടപെട്ട് ക്രിസ്തുമസ്-പുതുവത്സരക്കാലത്ത് വിലക്കയറ്റം നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്.<br>ക്രിസ്തുമസ്-പുതുവത്സരക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പും ജാഗരൂകമായി പ്രവർത്തിച്ചു. കരിഞ്ചന്ത, പൂഴ്ത്തി വയ്പ് മുതലായവ നടത്തി ഭക്ഷ്യ സാധനങ്ങളുടെ വില വർദ്ധനയുണ്ടാക്കുന്നത് തടയുന്നതിനായി സംസ്ഥാനതലത്തിൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും ജില്ലാതലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും കർശനമായ പരിശോധനകളും റെയ്ഡുകളും |

നടത്തിയിട്ടുണ്ട്. കൂടാതെ ഉത്സവ സീസണോടനുബന്ധിച്ച് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിക്കുകയും പരിശോധനകൾ നടത്തുകയും ക്രമക്കേടുകൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ബി) അതിനായി എത്ര തുക അനുവദിച്ചുവെന്നും വിപണി വിലയെക്കാൾ എത്ര വിലകുറച്ചാണ് സപ്ലൈകോ സാധനങ്ങൾ ലഭ്യമാക്കിയതെന്നും വ്യക്തമാക്കുമോ?

ബി) 2013-14 സാമ്പത്തിക വർഷം ഇതുവരെ 116,02,10,000/- രൂപ. സപ്ലൈകോയ്ക്ക് വിപണി ഇടപെടലിനായി നൽകിയിട്ടുണ്ട്. അവശ്യസാധനങ്ങളുടെ വിപണി വിലയും സപ്ലൈകോ വിലയും തമ്മിലുള്ള വ്യത്യാസം ചുവടെ കൊടുത്തിരിക്കുന്നു.

| ഇനം | സപ്ലൈകോയിലെ വില | 20/01/2014-ലെ വിപണിയിലെ കൂടിയ വില (എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്നും ശേഖരിച്ചത്) | വിലവ്യത്യാസം |
|---|---|---|---|
| മട്ട അരി | 21.00 | 33.00 | 12.00 |
| ജയ അരി | 21.00 | 33.88 | 12.88 |
| കുറുവ അരി | 21.00 | 31.33 | 10.33 |
| പച്ചരി | 21.00 | 28.50 | 7.50 |
| ചെറുപയർ | 55.00 | 86.50 | 31.50 |
| ഉഴുന്ന് | 42.00 | 72.43 | 30.43 |
| വൻകടല | 45.00 | 61.25 | 16.25 |
| വൻപയർ | 35.00 | 60.60 | 25.60 |
| തുവരപ്പരിപ്പ് | 45.00 | 77.64 | 32.64 |
| മുളക് | 55.00 | 95.36 | 40.36 |
| മല്ലി | 60.00 | 95.71 | 35.71 |
| പഞ്ചസാര | 26.00 | 31.93 | 5.93 |
| വെളിച്ചെണ്ണ | 62.00 | 114.00 | 52.00 |

Beena

സെക്ഷൻ ഓഫീസർ